"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകുപ്പ് - സ്റ്റേറ്റ് ഡാറ്റാ സെന്റർ പദ്ധതിയുടെ ഭാഗമായി റെഡ്ഹാറ്റ് സബ്സ്ക്രിപ്ഷൻ പുതുക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.-

---

**ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.54/2024/ITD തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:-

1. സ.ഉ(സാധാ)നം.129/2022/ഐ.ടി, തീയതി 24.06.2022.
2. സ.ഉ(സാധാ)നം.123/2023/ഐ.ടി, തീയതി 05.06.2023.
3. കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടറുടെ 23.02.2024 തീയതിയിലെ SDC/25/2020/KSITM നമ്പർ കത്ത്.

**ഉത്തരവ്**

2022-23 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് ഡാറ്റാ സെന്റർ പദ്ധതിയ്ക്കായി സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടുകൂടി പരാമർശം(1) ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിലെ ഘടകം ആയിരുന്നു "ക്ലൗഡ് ഇൻഫ്രാസ്ട്രക്ചർ നവീകരണം". എന്നാൽ പ്രസ്തുത സാമ്പത്തിക വർഷം ഈ പ്രവൃത്തികൾ ആരംഭിക്കാൻ സാധിച്ചിരുന്നില്ല. ഈ സാമ്പത്തിക വർഷം (2023-24) സ്പെഷ്യൽ അസിസ്റ്റൻസ് ഫോർ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് (കേന്ദ്ര സർക്കാരിന്റെ പലിശ രഹിത വായ്പ) സ്കീമിൽ ഉൾപ്പെടുത്തി സ്റ്റേറ്റ് ഡാറ്റാ സെന്ററുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾക്ക് പരാമർശം (2) പ്രകാരം ഫണ്ട് അനുവദിക്കുകയുണ്ടായെങ്കിലും ക്ലൗഡ് ഇൻഫ്രാസ്ട്രക്ചർ നവീകരണം, ഉൾപ്പെടെയുള്ള ഘടകങ്ങൾക്ക് ഭരണാനുമതി നൽകിയിരുന്നില്ല. ക്ലൗഡ് ഇൻഫ്രാസ്ട്രക്ചർ നവീകരണത്തിന്റെ ഭാഗമായി ₹1,98,24,000/- ചെലവിൽ റെഡ്ഹാറ്റ് സബ്സ്ക്രിപ്ഷൻ (Subscription for Redhat Virtualization and Redhat Enterprise Linux) പുതുക്കേണ്ടത് ആവശ്യമാണെന്ന് കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടർ പരാമർശം(3) കത്ത് പ്രകാരം അറിയിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ഡാറ്റാ സെന്റർ പദ്ധതിയിൽ ക്ലൗഡ് ഇൻഫ്രാസ്ട്രക്ചർ നവീകരണത്തിന്റെ ഭാഗമായി റെഡ്ഹാറ്റ് സബ്സ്ക്രിപ്ഷൻ പുതുക്കുന്നതിനായി ₹1,98,24,000/- (ഒരു കോടി തൊണ്ണൂറ്റി എട്ട് ലക്ഷത്തി ഇരുപത്തിനാലായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. 4859-02-004-88-02 എന്ന ശീർഷകത്തിൽ സ്പെഷ്യൽ അസിസ്റ്റൻസ് ടു സ്റ്റേറ്റ്സ് ഫോർ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് (കേന്ദ്ര സർക്കാരിന്റെ പലിശ രഹിത വായ്പ) സ്കീം പ്രകാരം അനുവദിച്ച തുക ഈ പദ്ധതിയ്ക്കായി വിനിയോഗിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHAJI A M
അണ്ടർ സെക്രട്ടറി

ഡയറക്ടർ, കേരള സ്റ്റേറ്റ് ഐ ടി മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള , തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ ) ഐ& പി ആർ ഡി
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
R Mahesh
Date: 16-03-2024 13:29:01

സ.ഉ.(സാധാ) നം.54/2024/ITD

സെക്ഷൻ ഓഫീസർ